ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി റൂറൽ ജില്ലാ പോലീസ് നടത്തിയ ഡി ഐ ജി കപ്പ് പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ കരസ്ഥമാക്കി. ഫൈനൽ മത്സരത്തിൽ കുന്നത്ത് നാടിനെ എട്ട് റൺസിനാണ് പരാജയപ്പെടുത്തിയത്. മാൻ ഓഫ് ദ സീരിയസ് വരാപ്പുഴ സ്റ്റേഷൻ ടീമിലെ വിഷ്ണു കരസ്ഥമാക്കി. മികച്ച ബൗളർ അബ്ബാസ് (കുന്നത്തു നാട് ) മികച്ച ബാറ്റ്സ്മാൻ അമ്പാടി (പുത്തൻകുരിശ്), ഫൈനലിലെ മികച്ച കളിക്കാരൻ അനൂപ് (പുത്തൻ കുരിശ്) എന്നിവരെ തിരഞ്ഞെടുത്തു. ആലുവ തുരുത്ത് ഗോട്ട് ടർഫിൽ നടന്ന മത്സരങ്ങളിൽ വിജയികളായവർക്ക് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. ശ്യാം സുന്ദർ ട്രോഫികൾ വിതരണം ചെയ്തു. ചടങ്ങിൽ റൂറൽ ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന അധ്യക്ഷനായി. അഡീഷണൽ എസ്.പി ജിൽസൻ മാത്യു, പെരുമ്പാവൂർ എ.എസ്.പി മോഹിത് റാവത്ത് , നർക്കോട്ടിക്ക് സെൽ ഡിവൈഎസ്പി വി. അനിൽ,, സ്പെഷൽ ബ്രാഞ്ച് ഡി വൈ എസ് പി വി.എസ് നവാസ്, ആലുവ ഡി വൈ എസ് പി എ . പ്രസാദ്, മൂവാറ്റുപുഴ ഡിവൈഎസ്പി എ ജെ തോമസ്, എം.വി സനിൽ, ടി.ടി ജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലയിൽ നിന്നുള്ള 47 ടീമുകളാണ് ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ അണിനിരന്നത്.